പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 3739 — 20.06.2019 ൽ മറുപടിയ്ക്ക്

കസ്റ്റം മിൽ റൈസ് തോത്

ചോദ്യം
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്ന മിൽ ഉടമകൾ നൽകേണ്ട അരിയുടെ കസ്റ്റം മിൽ റൈസ് (സി.എം.ആർ.) തോത് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്ന മിൽ ഉടമകൾ നൽകേണ്ട അരിയുടെ (സി.എം.ആർ) തോത് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 68 ശതമാനം ആയിട്ടാണ്. എന്നാൽ ടി തോതിൽ അരി തിരികെ നൽകാനാവില്ലായെന്ന മില്ലുടമകളുടെ നിരന്തരമായ അഭ്യർത്ഥനയെ തുടർന്ന് സംസ്ഥാന സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മറ്റിയുടെ ശിപാർശ പ്രകാരവും മന്ത്രിസഭയുടെ അംഗീകാരത്തോടെയും മില്ലുടമകൾ തിരികെ നൽകേണ്ട അരിയുടെ തോത് 2018-19 സീസൺ മുതൽ 64.5 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | സി.എം.ആർ. തോത് ഈ അടുത്ത കാലത്ത് താഴ്ത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | |
| (സി) | എങ്കിൽ ഇത് സപ്ലൈകോയ്ക്ക് നഷ്ടമാണോ ലാഭമാണോ ഉണ്ടാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ; | (സി) | സി.എം.ആർ. തോത് കുറച്ചതിനാൽ സപ്ലൈകോയ്ക്ക് നഷ്ടമാണ് ഉണ്ടാകുന്നത് ഇപ്രകാരം സപ്ലൈകോയ്ക്ക് വരുന്ന നഷ്ടം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. |
| (ഡി) | മില്ലുടമകളുടെ സമ്മർദ്ദത്തെ തുടർന്നാണ് സി.എം.ആർ. നിരക്ക് കുറച്ചത് എന്നത് ശരിയാണോ; സി.എം.ആർ. നിരക്ക് എത്ര ശതമാനമാക്കി കുറച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാന സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടെസ്റ്റ് മില്ലിംഗിന്റെ അടിസ്ഥാനത്തിലുമാണ് സി.എം.ആർ. തോത് 68 ശതമാനത്തിൽ നിന്നും 64.5 ശതമാനമാക്കി നിശ്ചയിച്ചത്. |

സെക്ഷൻ ഓഫീസർ